ജോൺ പെന്നികിക്ക് എന്ന ബ്രിട്ടീഷുകാരനായ മനുഷ്യസ്നേഹിയുടെ ത്യാഗത്തിന്റെയും സ്നേഹത്തിന്റെയും സേനവനത്തിന്റെയും കഥയാണിത്. ഈസ്റ്റിന്ത്യാ കമ്പനി യുടെ കീഴിലുള്ള പട്ടാളത്തിലെ ഒരു ബ്രിഗേഡിയർ ജനറലിന്റെ മകനായി 1841 ജനുവരി 15ന് പൂനെയിൽ ജനിച്ചു. അദ്ദേഹത്തിന് ഏഴു വയസ്സുള്ളപ്പോൾ ജാലിയൻവാലാ എന്ന സ്ഥലത്തു വച്ചുണ്ടായ യുദ്ധത്തിൽ പിതാവ് മരണമടഞ്ഞു. പിതാവിന്റെ മരണ ശേഷമുള്ള അദ്ദേഹത്തിന്റെ ബാല്യ കാലം ദുരിതങ്ങൾ നിറഞ്ഞതായിരുന്നു. ഇംഗ്ലണ്ടിലുള്ള ബന്ധുക്കളുടെ സാമ്പത്തിക സഹായത്തോടെ **അഡിസ്കോംബിലെ മിലിട്ടറി എഞ്ചിനിയറിംഗ് കോളേജിൽ ജോലി ചെയ്യുമ്പോൾ തമിഴ്നാടിന്റെ അതിർത്തി ജില്ലകളിൽ പെന്നികിക്ക് നടത്തിയ യാത്രകളാണ് പിൽക്കാലത്ത് ആ പ്രദേശ വാസികളുടെ ജീവിതം തന്നെ മാറ്റിമറിക്കുവാൻ കാരണമായ മുല്ലപ്പെരിയാർ ഡാം പണിയാനിടയായത്.** ജലമില്ലാതെ ഉണങ്ങിവരണ്ട തരിശുനിലങ്ങൾ, ഉടുതുണിപോലുമില്ലാതെ പുഴുക്കളെപ്പോലെ പൂഴി മണ്ണിൽ കഴിയുന്ന ജനങ്ങൾ, ഒട്ടിയ വയറുമായി അലഞ്ഞു തിരിയുന്ന പട്ടിണിക്കോലങ്ങളായ പ്രായംചെന്ന ആളുകൾ, ആഹാരമില്ലാതെ വിശന്നു കരയുന്ന കുട്ടികൾ, ഈ കാഴ്ചകൾ, പെന്നികിക്കിനെ അമ്പരിപ്പിച്ചു. ഗ്രാമങ്ങളിൽ മോഷണം ഉൾപ്പെടെയുള്ള കുറ്റകൃത്യങ്ങൾ ചെയ്താണ് പലരു ജീവിച്ചുപോന്നത്. പലപ്പോഴും അവർ തിരുവിതാംകൂറിൽ കടന്ന് കൊള്ള നടത്തിയിരുന്നു. മുല്ലപ്പെരിയാറിലാണ് ഡാം നിർമ്മിച്ചാൽ വരണ്ട പ്രദേശങ്ങളിൽ ജലമെത്തിക്കാനും അങ്ങനെ ജനങ്ങളുടെ ജീവിതസൗകര്യം വർദ്ധിപ്പിക്കാമെന്നും പെന്നികിക്ക് കണക്കാക്കി. എന്നാൽ ഡാംപണി ചെലവേറിയതണെന്ന കാരണത്താൽ രാജാവ് ആശയം തള്ളി. മദ്രാസ് എഞ്ചിനിയേഴ്സിലെ ക്യാപ്റ്റൻ ജെ.എൽ.കാൾഡ്വെൽ പെരിയാറിലെ ജലം ടണൽ നിർമ്മിച്ച് തമിഴ്നാട്ടിലെത്തിക്കുന്ന പ്രൊജക്ട് വിജയിക്കാനിടയില്ലെന്ന് ഗവണ്മെന്റിന് റിപ്പോർട്ട് നൽകി. 1850 ൽ ഡാം നിർമ്മാണം തുടങ്ങിയെങ്കിലും തൊഴിലാളികളെ ബാധിച്ച രോഗങ്ങളും പണിക്കാരെ എത്തിച്ചിരുന്ന കങ്കാണി



മാർ തമ്മിലുണ്ടായ പ്രശ്നങ്ങളും കാരണം പണി പുരോഗമിച്ചില്ല. 1876 –1878 കാലത്തു വീണ്ടും പഠനം നടത്തി. 1884ൽ സമർപ്പിച്ച പ്രോജക്ട് മദ്രാസ് സർക്കാർ അംഗീകരിച്ചു.

1887 ഒക്ടോബർ 3–ാം തീയതി അന്നത്തെ മദ്രാസ് ഗവർണർ ലോർഡ് കോണിമാറ ഡാമിന്റെ നിർമ്മാണ പ്രവർത്തനം ഉദ്ഘാടനം ചെയ്തു. ബ്രിട്ടിഷ് ഇന്ത്യൻ സൈന്യത്തിന്റെ ഭാഗമായ മദ്രാസ് പയനിയേഴ്സിന്റെ പട്ടാളക്കാരും കൊച്ചിയിൽ നിന്നു കൊണ്ടുവന്ന പോർച്ചുഗീസുകരായ നിർമ്മാണവിഭാഗവും ഒരുമിച്ച് നിർമ്മാണപ്രവർത്തനങ്ങളിൽ പങ്കു ചേർന്നു. വെള്ളം കുതിച്ചു പാഞ്ഞു കൊണ്ടിരുന്ന മുല്ലപ്പെരിയാറിനു കുറുകെ ഡാം നിർമ്മിക്കുക ബുദ്ധി മുട്ടേറിയ ജോലിയായിരുന്നു. മണൽ ചാക്കുകളും മരത്തിടികളും ഉപയോ ഗിച്ചു നിർമ്മിച്ച താല്ക്കാലിക അണക്കെട്ടുകൾ നിരവധി തവണ തകർന്നു. അപകടങ്ങളിൽപെട്ടും മലമ്പനി തുടങ്ങിയ രോഗങ്ങൾ മൂലവും 500ലധികം പേർ ഡാം നിർമ്മാണ കാലത്തും മരണമടഞ്ഞു. ഇരുപതോളം യുവബ്രിട്ടിഷ് എഞ്ചിനി യർമാർ നിരന്തമായ അപകടങ്ങളിൽ കൊല്ലപ്പെട്ടു. ഇവരുടെ ശവകുടീര ങ്ങൾ ഡാമിനടുത്തുണ്ട്. വന്യമൃഗങ്ങ ളുടെ ആക്രമണത്തിലും വിഷപ്പാ മ്പിന്റെയും ചിലന്തികളുടെയും കടിയേറ്റും നിരവധിപേർക്ക് ജീവൻ നഷ്ടപ്പെട്ടു. എല്ലാ പ്രതിസന്ധിക ളിലും പെൻക്വിക്കിനൊപ്പം നിലകൊണ്ട സൂപ്രണ്ട് ടെയ്ലറും അപകടത്തിൽ മരിച്ചു.

വെള്ളപൊക്കവും ഉരുൾ പൊട്ടലും നിരവധി തവണ ഡാമിന് ഭീഷണം ഉയർത്തി. ഡാം നാലുതവണ തകർന്നടിഞ്ഞു. അപകടങ്ങളും തടയി ണകൾ തകർന്നതും തുടർന്നപ്പോൾ മദ്രാസ് ഗവൺമെന്റ് അടിയന്തരമായി പെന്നിക്വിക്കിനെ മദ്രാസിൽ വിളിച്ചു. ഡാം പണി അസാധ്യമായതിനാൽ നിർമ്മാണ ത്തിനായി കൂടുതൽ ഫണ്ട് നൽകാൻ സാധ്യമല്ലെന്നുള്ള ഗവണ്മെന്റ് തീരുമാനം അറിയിച്ചു.

**ലക്ഷക്കണക്കിന് ദരിദ്രരുടെ ജീവിതനിലവാരം മെച്ചപ്പെടുത്താനുതകുന്ന ഡാം നിർമ്മാണം നിർത്തി വെയ്ക്കരുതെന്നാവശ്യപ്പെട്ട് പലർക്കും നിവേദനങ്ങളും ടെല ഗ്രാമുകളുമൊക്കെ അയച്ചു. പലതിനും മറുപടി പോലും ലഭിച്ചില്ല. നിരാശനാകാതെ ഉറച്ച തീരുമാനത്തോടെ അദ്ദേഹം ഇംഗ്ലണ്ടിലേക്കു മടങ്ങി. ഭാര്യയോടും ബന്ധുക്കളോടും വെള്ളമില്ലാതെ വലയുന്ന തമിഴ് നാട്ടിലെ ജനങ്ങളുടെ കഥ വിവരിച്ചപ്പോൾ അദ്ദേഹത്തിന്റെ കണ്ണുകൾ നിറഞ്ഞു. ഈ ചെറിയ വരിൽ ഒരുവനായ നിങ്ങൾ ചെയ്യുന്നത് ദൈവത്തിനുവേണ്ടി ചെയ്യുന്നു എന്ന ദൈവവാക്യം (മത്തായി 25:40) കുടുംബാംഗങ്ങളെ അദ്ദേഹം വായിച്ചു കേൾപ്പിച്ചു. സാമാന്യം നല്ല സമ്പത്തുള്ള കുടംബമായിരുന്നു പെന്നി ക്വിക്കിന്റേത്.**

ഒരു നല്ല കാര്യത്തിനാണല്ലോ എന്നുകരുതി ബന്ധുക്കൾ കുടുംബ സ്വത്തു വിൽക്കാനുള്ള അദ്ദേഹത്തിന്റെ തീരുമാനത്തിന് എതിര് പറഞ്ഞില്ല. തുടർന്ന് ഭാര്യയെയും കുട്ടികളെയും കൂട്ടി അദ്ദേഹം പള്ളിയിലെത്തി പ്രാർത്ഥിച്ചു.

തൊട്ടടുത്ത ദിവസം പിതൃസ്വത്തായി തനിക്കു കിട്ടിയ മുഴുവൻ വസ്തുവകകളും ഭാര്യയുടെ ആഭരണങ്ങളടക്കം വിലപിടിപ്പുള്ള സകലതും വിറ്റ് പണം ശേഖരിച്ചു. ആറ് കോടിയിലധികം രൂപ ലഭിച്ചു. ആ പണവുമായി തിരിച്ചെത്തിയ അദ്ദേഹം നിശ്ചയ ദാർഢ്യത്തോടെ ഡാമിന്റെ നിർമ്മാണം പുനരാരംഭിച്ചു. ഒൻപത് വർഷത്തെ നിരന്തര ശ്രമത്തിനൊടുവിൽ 1895ൽ ഡാമിന്റെ നിർമ്മാണം പൂർത്തിയായി.

തങ്ങളുടെ ജീവിതം മെച്ചപ്പെടുത്തുവാൻ സ്വന്തജീവിതം ത്യജിച്ച പെന്നികിക്ക് എന്ന മഹത്തായ മനുഷ്യനെ തമിഴ് നാട്ടുകാർ മറക്കുന്നില്ല.

കേരളത്തോടു ചേർന്നുള്ള ലോവർ ക്യാമ്പിൽ ഒരുകോടി രൂപ ചെലവിൽ 2500 ചതുരശ്ര അടിയിൽ സ്മാരകം നിർമ്മിക്കുവാൻ തമിഴ്നാട് തീരുമാനിച്ചതിന്റെ പിന്നിലെ ചേതോവികാരം മിലിട്ടറി എഞ്ചിനിയറുടെ ദൈവസ്നേഹത്തിലൂന്നിയ ആർദ്ര മനോഭാവത്തോടുള്ള ആദരവാണ്. അതിന്റെ സാക്ഷ്യമാണ്, വചനം ജീവിക്കുന്നതും ജീവിപ്പിക്കുന്നതുമാണ് എന്ന് പെന്നികിക്കിന്റെ ജീവിതം വ്യക്തമാക്കുന്നു.

**സുവിശേഷം മനുഷ്യമനസ്സിനെ ആകർഷിക്കുന്നത് കൂടുതലും പ്രവർത്തിയിലൂടെയാണ്. മിലിട്ടറി എഞ്ചിനിയറുടെ ജീവിതത്തെ ആദരണീയമാക്കിയതും ദൈവ വചനമാണ്.**

കടപ്പാട്: ജ്ഞാനനിക്ഷേപം
ഫെബ്രു. 2012 പേജ് 21, 22

*"ജീവിതം ആകമാനം തിരുത്തുന്നതിനും പുതുക്കുന്നതിനുമുള്ള അഭിവാഞ്ചയും, നന്മയോടു പ്രതിബദ്ധതയും അനുതാപത്തിന്റെ അനിവാര്യ ഘടകമാണ് "*

# The Challenge of Our City

**- CES**

We Christians are least equipped to enter into religious conversation with people of other scriptures or faiths. We have beautiful architectural church edifices in the city, yet the educated elite of other religious persuasions will never fill the pews of these houses of prayer. **We do not care to study the faith and scripture of our neighbour** and are in least sympathy with the past heritage of our nation. We do not look for common grounds to enter into a dialogue with them but are interested in creating boundaries for ourselves. Surely there is a handful of churchmen and women among the faithful in city congregations who are eager to go the whole way in reaching other people for Jesus. **We need to construct bridges between us and others in total contextualisation**. A genius move towards indigenous Christian faith should emerge from the existing Church. We who belong to the traditional Church are mercilessly bound to our own way of Church life. **Our vocabulary, thought pattern, attitude towards people of other faiths are rather alien and unacceptable to an ordinary Hindu or Muslim.** It is time that we break such barriers and come out to fill this gap in missions.

While it is easy for the church to reach out to the poor, deprived and marginalised city dwellers, we must be reminded of the fact that the most unreached are the educated classes. Most of our missionologists and city mission strategists themselves are not equipped to speak to people of other faiths; hence in western style, they too think the poor are the only unreached ones. **Churches have never trained people to reach the people of other scriptures and faiths.** When will these people be reached by the gospel in a way they would understand and respond? The Challenge of the city is tremendous indeed!

---

# *Success*

**Jelitta Justin Jose**

Word of wisdom you should heed....
The golden verses you must read;
If you're for a brilliant future:
Always seek God's divine nurture!

# യേശുവിനെ അനുഗമിക്കുക - ക്രൂശ് എടുത്ത്

- വി.സി.തോമസ്

ഇന്ന് കുരിശ് ഒരു അലങ്കാര വസ്തുവായും ആഭരണമായും ചിലപ്പോൾ ഒരു വിഗ്രഹമായും തീർന്നിട്ടുണ്ട്. കുരിശ് അണിയുന്നത് ഒരു ഭക്തിപ്രകടനമായി കരുതുന്നവരുമുണ്ട്. എന്നാൽ മത്താ. 16:24ലും മർക്കൊ. 8:34ലും കർത്താവ് പറയുന്നത് "ഒരുവൻ എന്നെ അനുഗമിക്കുവാൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ ത്യജിച്ച്, തന്റെ ക്രൂശ് എടുത്തുകൊണ്ട് എന്നെ അനുഗമിക്കട്ടെ" എന്നാണ്. ഇത് വളരെ ഗൗരവമായ ഒരു ആഹ്വാനമാണ്. **ഇവിടെ ക്രൂശ് എടുക്കുന്നതും, തന്നെത്താൻ ത്യജിക്കുന്നതും, യേശുവിനെ അനുഗമിക്കുന്നതിന്റെ വ്യവസ്ഥകളാണ്**. മാത്രമല്ല, മത്താ 10:38ലും ലൂക്കൊ. 14:27ലും "തന്റെ ക്രൂശ് എടുത്തു തന്നെ അനുഗമിക്കാത്തവൻ എനിക്കു യോഗ്യനല്ല എന്നും എന്റെ ശിഷ്യനായിരിപ്പാൻ കഴിയുകയില്ല" എന്നും യേശു പറഞ്ഞിരിക്കുന്നു. ഇങ്ങനെ സുവിശേഷങ്ങളിൽ അഞ്ച് വട്ടം ഇതു പറഞ്ഞിരിക്കുന്നതിനാൽ ക്രൂശ് എടുക്കുക എന്നതിന്റെ പ്രാധാന്യം നാം മനസ്സിലാക്കേണ്ടതാണ്.

തന്നെത്താൻ നിഷേധിക്കുക എന്നത് ശിഷ്യത്വത്തിന്റെ ആദ്യ പടിയാണ്. ഇനി ഞാനല്ല, ദൈവമേ ഇനി എന്റെ കർത്താവ് അവിടുന്നാണ്; ദൈവമേ അവിടുന്നാണ് എന്നെ നിയന്ത്രിക്കേണ്ടത് എന്ന് പറയുന്ന അവസ്ഥയാണ് ഇത്. **നമ്മുടെ ജീവിതം പൂർണ്ണമായി കർത്താവിനു വിട്ടു കൊടുത്തിട്ടുണ്ടോ?** എല്ലാ പകയും ദുഷിയും പാപവും അശുദ്ധിയും നീക്കിക്കളഞ്ഞ്, ക്രിസ്തു ക്രൂശിൽ നമ്മോടു കാണിച്ച സ്നേഹത്തോടു നമുക്കു പ്രതികരിക്കാൻ കഴിഞ്ഞിട്ടുണ്ടോ?

ക്രൂശിനും അപ്പുറം പുനരുത്ഥാനവും നിത്യജീവനും ഉണ്ട്. തന്നെത്താൻ ത്യജിച്ച് ക്രൂശ് എടുത്തു പിൻഗമിക്കുന്ന തന്റെ പൈതലിനായി വലിയ പ്രത്യാശയും വലിയ വിടുതലും വലിയ രക്ഷയും നിത്യ ജീവനും ദൈവം ഒരുക്കിയിട്ടുണ്ട്. ഇവ നഷ്ടപ്പെടുവാൻ നമുക്ക് ഇടയാകരുതേ. നമ്മുടെ ജീവിതം വളരെ ചെറുതാണ്. നാം ഇവിടെ നിന്നും പോകേണ്ടവരാണ്. **ദൈവം തന്റെ മഹാകരുണയാൽ നമുക്കു നൽകിയിരിക്കുന്ന ജീവിതത്തിന്റെ അവശേഷിക്കുന്ന ഭാഗം നമുക്കു കർത്താവിനായി സമർപ്പിക്കാം.** കർത്താവിനായി അവിടുത്തെ ഹിതപ്രകാരം നമ്മുടെ ജീവിതം ജീവിച്ചു തീർക്കാം. ക്രൂശിലെ സ്നേഹവും, സഹനവും, ത്യാഗവും ക്ഷമയും ഉൾക്കൊണ്ട് ക്രൂശിലൂടെ യേശു കാണിച്ചുതന്ന നിത്യജീവനിലേക്ക് നമുക്കു നടന്ന് അടുക്കാം.

ക്രൂശിലെ സ്നേഹത്താൽ മനസ്സിലെ എല്ലാ മാലിന്യങ്ങളും പാപക്കറകളും, മറ്റുള്ളവരോടുള്ള പകയും വെറുപ്പും, ദേഷ്യവും മാറി കാൽവറി രക്തത്താൽ ഒരിക്കൽ കൂടി കഴുകപ്പെടുവാൻ പ്രാർത്ഥിക്കാമോ? ഇനിയും സമർപ്പിച്ചിട്ടില്ലാത്ത ഏതെങ്കിലും ജീവിത മേഖലകൾ, അനുഭവങ്ങൾ ജീവിതത്തിൽ ഉണ്ടെങ്കിൽ അതു ഈ നിമിഷം മുറിവേൽ പ്പിച്ചവരോടും, ക്രൂശിന്റെ ശക്തിയാൽ ക്ഷമിക്കാം. ക്രൂശിലെ സ്നേഹം അതിനായി നമ്മെ വിളിക്കുകയാണ്. ക്ഷമിക്കുവാനും പൊറുക്കുവാനുമുള്ള വലിയ ദൈവകൃപ നമ്മിലേക്ക് പ്രവഹിക്കുകയാണ്. നാം വസിക്കുന്ന ഈ ലോകം പാപത്താൽ അനുദിനം ഇരുളുകയാണ്. ദൈവത്തിൽ നിന്നും പാടെ അകന്ന് നാശത്തിൽ നിപതിച്ചിരിക്കുന്ന പ്രപഞ്ചത്തിന്റെ

ഉദ്ധാരണത്തിന്റെയും രക്ഷയുടെയും കേന്ദ്രബിന്ദുവത്രെ ക്രൂശ്. നശിച്ചു കൊണ്ടിരിക്കുന്ന ഈ ലോകത്തിൽ ഏക ആശ്രയവും പ്രത്യാശയും, കർത്താവ് കാൽവറി ക്രൂശിലൂടെ തന്ന വലിയ പാപ മോചനവും, വിടുതലും നിത്യതയുമത്രേ.

**ക്രൂശ് എടുക്കുക എന്ന വലിയ ആഹ്വാനം വഴി മനുഷ്യന്റെ വീണ്ടെടുപ്പിനും ലോകത്തെ നാശത്തിൽ നിന്നും വിമോചിപ്പിക്കുന്നതിനുമുള്ള ദൈവത്തിന്റെ വലിയ രക്ഷണ്യ പ്രവർത്തനത്തിൽ പങ്കുചേരുവാനാണ് യേശു ആഹ്വാനം ചെയ്യുന്നത്.** എത്ര വലിയ പദവിയാണ് ഈ ആഹ്വാനം വഴി ദൈവം നമുക്ക് തരുന്നത്. രക്ഷയുടെ വലിയ ദൈവിക പദ്ധതിയിൽ തന്റെ പുത്രനായ യേശുക്രസ്തുവിലൂടെ അനാദികാലം മുൻപേ ദൈവം നമ്മേയും കണ്ടിരുന്നു എന്നത് എത്ര വലിയ ദൈവകൃപയാണ്. മഹാഭാഗ്യമാണ്. ആ സ്നേഹം എത്ര ആഗാധമാണ്, തീവ്രമാണ്, ശക്തമാണ്! അതിന്റെ ആഴം ആർക്കും അളക്കുവാൻ കഴിയുകയില്ലല്ലോ.

ഈ ലോകത്തിൽ നാം ജീവിയ്ക്കുമ്പോൾ അനുദിന പോരാട്ടത്തിലാണ് എന്ന് ഓർക്കേണ്ടതായിട്ടുണ്ട്. ഒരിക്കലായി രക്ഷിക്കപ്പെട്ട നാമും ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം, താൽക്കാലിക നേട്ടങ്ങൾ, സൗകര്യങ്ങൾ എന്നിവയുടെ പ്രലോഭനത്തിനു വഴങ്ങി ചെയ്യേണ്ടവ ചെയ്യാതെ വിടുകയും, വിശുദ്ധി നഷ്ടപ്പെടുത്തി ചെയ്യരുത്താത്തവ ചെയ്യുവാൻ ഇടയാകുകയും ചെയ്യുമ്പോൾ, പാപം നമ്മുടെ ജീവിതത്തിൽ കടന്നു വരുമ്പോൾ, ദൈവത്തിന്റെ വഴിയിൽ നിന്നും നാം അറിഞ്ഞോ അറിയാതെയോ വഴുതി മാറുമ്പോൾ, ദൈവീക ജീവന്റെ വളർച്ചയ്ക്കു നിരക്കാത്ത തീരുമാനങ്ങൾ എടുക്കുമ്പോൾ, ജഡത്തിന്റെ പ്രവർത്തികളായ ദുർന്നടപ്പ്, അശുദ്ധി, ദുഷ്കാമം, വിഗ്രഹാരാധന, ആഭിചാരം, പക, പിണക്കം, ക്രോധം, ശാഠ്യം, ദ്വന്ദ്വപക്ഷം, ഭിന്നത, അഹങ്കാരം, മദ്യപാനം, ജാരശങ്ക എന്ന് ഗലാ. 5:19 ൽ പറഞ്ഞിരിക്കുന്നതുപോലെ പരിശുദ്ധാത്മാവിനും അടുത്ത സഹോദരനും, എതിരായ പ്രവണതകൾക്കും നാം വഴങ്ങുമ്പോൾ, നമ്മുടെ മനസ്സാക്ഷിയെ മരവിപ്പിച്ച് ക്രിസ്തുവിനെയും ക്രൂശിനെയും കണ്ടില്ലെന്നു നടിച്ച് യേശു കാണിച്ചു തന്ന മാതൃകകൾ മറന്ന് ഹൃദയത്തെ കഠിനപ്പെടുത്തി, ആ പാപത്തിനും ജഡത്തിനും, സാത്താനും അധീനരാകുമ്പോൾ നമ്മുടെ പാപങ്ങൾക്കു മുൻപിൽ നിൽക്കുന്ന ക്രൂശ് - ആ ക്രൂശിൽ വെളിപ്പെട്ട വലിയ ദൈവ സ്നേഹം - ഇത് ഓർത്ത് **നാം ആത്മതപനം ചെയ്യണം. പാപത്തെ ഓർത്ത് നാം കരയണം; നമ്മുടെ കുറ്റങ്ങളും കുറവുകളും ദൈവ സന്നിധിയിൽ സമ്മതിക്കണം; ഏറ്റു പറയണം; അനുതാപത്തിലൂടെ നാം ദൈവ സന്നിധിയിലേക്കു അടുത്തു വരണം.**

ദൈവവചനത്തിന്റെ വെളിച്ചത്തിൽ ദിനം തോറും പാപത്തിനെതിരായ തീരുമാനവും പോരാട്ടവും ജീവിതത്തിൽ പാലിച്ച് നിലനിർത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. മറ്റൊരു തരത്തിൽ പറഞ്ഞാൽ ദിനം തോറും ക്രൂശിക്കപ്പെട്ട് പുതു ജീവൻ പ്രാപിക്കുക. പഴയ മനുഷ്യന്റെ പാപ പ്രവണതൾ എപ്പോഴെല്ലാം നമ്മിൽ തല ഉയർത്തുന്നുവോ, അപ്പോഴെല്ലാം പഴയത് മരിച്ചു പുതു മനുഷ്യനാകുക എന്ന വലിയ സത്യത്തെയാണ് അനുദിന ക്രൂശവഹനത്തിലൂടെ ദൈവം നമ്മെ ഓർമ്മിപ്പിക്കുന്നതും, അതിന് പ്രാപ്തരാക്കുകയും ചെയ്യുന്നത്.

യേശുവും അവന്റെ പക്ഷവും വലിയ പരിശോധനകളെ നേരിടുന്ന ഒരു കാലഘട്ടത്തിൽ നാം വന്നു നിൽക്കുന്നു. **ക്രൂശ് എടുത്ത് അനുഗമിക്കുക എന്നാൽ ക്രൂശിതനായ ക്രിസ്തുവിന്റെ പക്ഷത്ത് അവനുവേണ്ടി, അവനെ പ്രതിനിധീകരിച്ചു നിൽക്കുക എന്ന് അർത്ഥം.** സത്യം, ധാർമ്മികത, സന്മാർഗ്ഗ നിഷ്ഠ, നീതിബോധം, പരസ്പര വിശ്വാസം മുതലായി ക്രിസ്തു എന്തിനെല്ലാം വേണ്ടിവന്നുവോ, നിലകൊള്ളുന്നു.

■

# ഒരു നിരീശ്വരവാദിയുടെ മരണവും ബൻഹറിന്റെ ജനനവും...

കെ.എസ്. ഏബ്രഹാം

**റോബർട്ട്** ഇംഗർസോൾ, കഴിഞ്ഞ തലമുറയിലെ നിരീശ്വരവാദികളിൽ പ്രമുഖൻ, ഒരിക്കൽ തന്റെ സുഹൃത്തും സഹപ്രവർത്തകനുമായ ലീ വാലേസ്സിനൊപ്പം ട്രെയിൻ യാത്രയിലായിരുന്നു. അമേരിക്കയിലെ മിസ്സോറിയിലുള്ള സെയിന്റ് ലൂയിസ് പട്ടണത്തോട് ട്രെയിൻ സമീപിച്ചപ്പോൾ അവരുടെ സംഭാഷണം ഇംഗർസോളിന്റെ അടുത്ത പ്രോഗ്രാമുകളെക്കുറിച്ചായി. ലോകമെമ്പാടും സഞ്ചരിച്ച് മനുഷ്യന്റെ ദൈവവിശ്വാസത്തിനെതിരെ സംസാരിക്കുന്നതിൽ ഇംഗർസോൾ ബഹുദൂരം പിന്നിട്ടിരുന്നു.

പട്ടണത്തിലേക്കടുത്ത ട്രെയിൻ സ്പീഡു കുറച്ച് ഇഴഞ്ഞു നീങ്ങിയപ്പോൾ, ഇംഗർസോൾ ജനാലയിലൂടെ പുറത്തേക്ക് നോക്കിക്കൊണ്ട് പറഞ്ഞു. വാലേസ്സ്, സെയിന്റ് ലൂയിസിലെ ദേവാലയ ഗോപുരങ്ങൾ കണ്ടില്ലേ? എന്തു പണമാണ് മണ്ടന്മാർ വെറുതെ പാഴാക്കിക്കൊണ്ടിരിക്കുന്നത്! താങ്കൾക്കും എനിക്കുമറിയാം യേശു യഥാർത്ഥത്തിൽ ചരിത്രത്തിൽ ജീവിച്ചിരുന്ന വ്യക്തിയല്ലെന്ന്. ഒരു കെട്ടുകഥയിലെ കഥാപാത്രത്തെ ആരാധിക്കുന്നതിലെ മൂഢത ആരെങ്കിലും ഈ ജനത്തെ അറിയിക്കേ ണ്ടതല്ലേ?

തീർച്ചയായും, ഇത് ലജ്ജാകരം തന്നെ! വല്ലോസ് തന്റെ കൂട്ടുകാരന്റെ അഭിപ്രായത്തെ പിന്താങ്ങി.

വല്ലോസ്, അങ്ങനെയെങ്കിൽ യേശു ദൈവപുത്രനോ യഥാർത്ഥത്തിൽ ഈ ലോകത്തിൽ ജീവിച്ചിട്ടുള്ള ഒരു വ്യക്തിയോ അല്ല. കേവലം കെട്ടുകഥകളിലൂടെ മാത്രം ജീവിച്ച ഒരു കഥാപാത്രം മാത്രമായിരുന്നുവെന്ന് തെളിയിച്ചുകൊണ്ട് എന്തുകൊണ്ട് താങ്കൾക്കൊരു പുസ്തകം എഴുതിക്കൂടാ? അതിലൂടെ നമുക്ക് ലോകത്തെ അന്ധവിശ്വാസത്തിൽ നിന്നും ഒരളവുവരെയെങ്കിലും രക്ഷിക്കാമല്ലോ... ഇംഗർസാൾ ചോദിച്ചു.

തീർച്ചയായും, ഞാൻ ആ വെല്ലുവിളി ഏറ്റെടുക്കുന്നു... വല്ലോസിന് തന്റെ സുഹൃത്തിന്റെ ആശയം നന്നായി ഇഷ്ടപ്പെട്ടു.

ഇംഗർസോളിൽ നിന്നും വല്ലേസിനു ലഭിച്ച ഉത്സാഹം തുടർന്നുള്ള ചില വർഷങ്ങൾ യേശുവിനെപ്പറ്റിയുള്ള അന്വേഷണത്തിനായി മാറ്റിവെക്കുവാൻ തന്നെ പ്രേരിപ്പിച്ചു. ധാരാളം പണം അദ്ദേഹം അതിനായി ചിലവഴിച്ചു. പുരാതന ലിഖിതങ്ങൾ ധാരാളം വായിച്ചു. മാത്രമല്ല, വിശുദ്ധനാട്ടിൽ ധാരാളം യാത്രകൾ നടത്തി ബൈബിൾ അരിച്ചുപെറുക്കി പഠിച്ചു.

അവസാനം അസാധാരണമായതൊന്നു നടന്നു! അന്വേഷണം പുരോഗമിക്കുന്തോറും വാല്ലോസിന്റെ മുമ്പിൽ ക്രിസ്തുവിന്റെ അസ്തിത്വത്തിനുള്ള കൂടുതൽ തെളിവുകൾ തെളിഞ്ഞുവന്നു. അദ്ദേഹം അധികം ആവേശത്തോടും ഭയത്തോടും തന്റെ അന്വേഷണം തുടർന്നു. യേശു കേവലം കെട്ടുകഥയിലെ കഥാപാത്രമ

*(.....ശേഷം പേജ് 22ൽ)*

# ചിൽഡ്രൻസ് ക്യാമ്പ്-2012ന്റെ അകത്തളങ്ങളിൽ.....

**-എസ് മെർളിൻ**

ചിൽഡ്രൻസ് ക്യാമ്പ് മണ്ണന്തല മാർത്തോമ്മാ സ്റ്റഡി സെന്ററിൽ വെച്ച് ഏപ്രിൽ 23, 24, 25 തീയതികളിൽ നടത്തപ്പെട്ടു. '**അനുസരണം**' എന്നതായിരുന്നു ചിന്താവിഷയം. 'ഇതാ അനുസരിക്കുന്നത് യാഗത്തെക്കാളും ശ്രദ്ധിക്കുന്നത് മുട്ടാടുകളുടെ മേദസ്സിനേക്കാളും നല്ലത്' എന്നതായിരുന്ന കുറിവാക്യം. ഏകദേശം 60 വിദ്യാർത്ഥി വിദ്യാർത്ഥിനികളും പത്തോളം അദ്ധ്യാപകരും ക്യാമ്പിൽ പങ്കെടുക്കുകയുണ്ടായി.

റവ.വിൻസെന്റ് അച്ചൻ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. റവ.ഐസക് അച്ചനും റേച്ചൽ കൊച്ചമ്മയും ചേർന്ന് പാട്ടുകൾ പഠിപ്പിക്കുകയുണ്ടായി. അനു ചേട്ടൻ കീ ബോർഡ് വായിച്ചും, പാട്ടുകൾക്ക് നല്ല ആക്ഷൻ നൽകിയും ഈ വർഷത്തെ ക്യാമ്പിനെ നയിച്ചു. ഞങ്ങളെ 9 ഗ്രൂപ്പുകളായി തിരിച്ചു ഓരോ ഗ്രൂപ്പിനും ഒരു ടീം ലീഡറിനെ സെലക്ട് ചെയ്ത ശേഷം പ്രാർത്ഥിക്കുകയുണ്ടായി. ഭൂട്ടാനിലെ ഒരു ആന്റി ഞങ്ങളുടെ ക്യാമ്പ് സന്ദർശിച്ച് നല്ല പാട്ടുകളും ആക്ഷനും പഠിപ്പിച്ചത് ഞങ്ങൾക്കെല്ലാവർക്കും ഒരു നല്ല അനുഭവമായിരുന്നു. തുടർന്ന് ശ്രീ.ലിജു തങ്കച്ചൻ അനുസരണം ആരാധന'' എന്ന വിഷയം ബന്ധപ്പെടുത്തി ബൈബിൾ പഠനം നടത്തുകയുണ്ടായി. എബ്രായർ 11ന്റെ 8-ാം വാക്യം ആയിരുന്നു കുറിവാക്യം. അതിനു ശേഷം ഞങ്ങൾ വർക്ക്ബുക്ക് പൂർത്തിയാക്കി. തുടർന്ന് ഞങ്ങൾ ഒത്തുകൂടി ഗെയിമുകൾ കളിച്ചു.

ഈവനിംഗ് വർഷിപ്പ് "**പീസ് ടീം**'' നടത്തുകയുണ്ടായി. തുടർന്ന് രാഗ് സാർ "**പേഴ്സണാലിറ്റി ഡെവലപ്മെന്റിനെ**'' കുറിച്ച് ക്ലാസ്സ് എടുത്തു. അതിനുശേഷം "ലഹരിപൊതി മരണപൊതി'' എന്ന ഒരു വീഡിയോ പ്രദർശിപ്പിച്ചു. പാൻമസാലയുടെ ഉപയോഗം കൊണ്ട് കാൻസർ ബാധിക്കുമെന്നും മരണസാധ്യതവരെ ഉണ്ടാകുമെന്നും ഈ വീഡിയോയിലൂടെ മനസ്സിലാക്കാൻ കഴിഞ്ഞു.

രണ്ടാമത്തെ ദിവസം 5.30ന് എഴുന്നേറ്റു വ്യായാമം ചെയ്ത ശേഷം എല്ലാവരും റെഡിയായി. റവ. സഹനം അച്ചൻ മോർണിംഗ് ഡിവോഷൻ



കൈകാര്യം ചെയ്തു. ആവർത്തന പുസ്തകം 28ന്റെ 1-ാം വാക്യം “നിന്റെ ദൈവമായ യഹോവയുടെ വാക്ക് നീ ശ്രദ്ധയോടെ കേട്ട്, ഞാൻ ഇന്നു നിന്നോട് ആജ്ഞാപിക്കുന്ന അവന്റെ സകല കല്പനകളും പ്രമാണിച്ചു നടന്നാൽ നിന്റെ ദൈവമായ യഹോവ നിന്നെ സർവ്വ ജാതികൾക്കും മീതെ ഉന്നതമാക്കും.'' ഇതായിരുന്നു കുറിവാക്യം. നാം നമ്മുടെ മാതാപിതാക്കളെ കൃത്യമായി അനുസരിക്കുകയാണെങ്കിൽ തീർച്ചയായും ദൈവം നമ്മെ ഉയർത്തും എന്ന് ഞങ്ങളെ പഠിപ്പിച്ചു. തുടർന്ന് റവ. ഐസക് അച്ചൻ ബൈബിൾ ക്ലാസ് എടുത്തു. “**ഇന്നു അനുസരിക്കുക**'' എന്നതായിരുന്നു വിഷയം. അപ്പൊസ്തല പ്രവർത്തികൾ 13ന്റെ 36 ആയിരുന്നു കുറി വാക്യം. ദാവീദ് കേട്ട ഉടൻ അനുസരിച്ചതുപോലെ നാമും അനുസരിക്കണം എന്ന് ഞങ്ങൾക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞു. വർക്ക് ബുക്ക് പൂർത്തിയാക്കിയശേഷം റേച്ചൽ കൊച്ചമ്മ പാട്ടു പഠിപ്പിക്കുകയും അച്ചനും അനുചേട്ടനും നല്ല ആക്ഷൻ കാണിച്ചു തരികയും ചെയ്തു. അതിനെ തുടർന്ന് ബിജോയി പീറ്റർ സർ ‘എങ്ങനെ വിജയിക്കാം’ (**How to Succeed**) എന്നതിനെ കുറിച്ച് പ്രത്യേകം ക്ലാസ് എടുക്കുയുണ്ടായി. ലക്ഷ്യം, വിജയം, പ്രോത്സാഹനം, മല്ലന്മാരെ നേരിടാനുള്ള കഴിവ് എന്നിവ ജീവിതത്തിൽ വിജയിക്കണമെങ്കിൽ അത്യാവശ്യമാണ് എന്നുള്ള കാര്യം മനസ്സിലാക്കിത്തന്നു. അതിനുശേഷം പെയിന്റിംഗിലും അടിക്കുറിപ്പ് എഴുതുന്നതിലും രണ്ടു മത്സരങ്ങൾ നടക്കുകയുണ്ടായി.

ടാലന്റ് നൈറ്റ് പ്രോഗ്രാമിനു വേണ്ടി സാന്ദ്രയെയും, അനോളിനെയും ലീഡേഴ്സായി തെരഞ്ഞെടുത്തു. ഈവനിംഗ് വർഷിപ്പ് നടത്തിയത് “ഫെയിത്ത്ഫുൾനസ് ടീം” ആയിരുന്നു.



തുടർന്ന് ജോബി സാറിന്റെ “എങ്ങനെ പഠിക്കണം” (**How to Study**) എന്നതിനെക്കുറിച്ച് വളരെ രസകരമായ ഒരു സ്പെഷ്യൽ ക്ലാസ് ഉണ്ടായിരുന്നു. ഫ്ളോറി ടീച്ചർ ഞങ്ങളുടെ ക്യാമ്പ് സന്ദർശിക്കുകയും മധുര പലഹാരങ്ങൾ നൽകുകയും ചെയ്തു.

ടാലന്റ് നൈറ്റ് പ്രോഗ്രാമിൽ ഓരോരുത്തരും തങ്ങളുടെ താലന്തുകളെ കാണിച്ചതിനുശേഷം ടീം വൈസ് ഗ്രൂപ്പ് സോംഗ്, ആക്ഷൻ സോംഗ് എന്നീ ഇനങ്ങളിൽ മത്സരവും നടത്തി.

മൂന്നാമത്തെ ദിവസം ഞങ്ങൾ 5.30 മണിക്ക് എഴുന്നേറ്റു. 7.30ന് മോർണിംഗ് ഡിവോഷൻ റവ. വിൻസെന്റ് അച്ചൻ കൈകാര്യം ചെയ്തു. “കർത്താവിൽ അനുസരിപ്പിൻ” എന്ന വിഷയവുമായി ബന്ധപ്പെട്ട് കൂടുതൽ മനസ്സിലാക്കുവാൻ കഴിഞ്ഞു. എഫെസ്യർ 6-ന്റെ 1-ാം വാക്യം “**മക്കളെ, നിങ്ങളുടെ അമ്മയപ്പന്മാരേ കർത്താവിൽ അനുസരിപ്പിൻ അതു ന്യായമല്ലോ**” എന്നതായിരുന്നു കുറിവാക്യം. ഈ ക്ലാസ്സിലുടെ കർത്താവിൽ അനുസരിക്കണം എന്ന് മനസ്സിലാക്കുവാൻ കഴിഞ്ഞു. ക്യാമ്പിലെ അദ്ധ്യാപികയായ ഗ്രിസിൽഡ വിൽസ് ആന്റി ഞങ്ങൾക്കു ബൈബിൾ പുസ്തകങ്ങളെ കുറിച്ച് ഒരു നല്ല പാട്ട് പഠിപ്പിക്കുയുണ്ടായി. തുടർന്ന് ഫിലിപ്പ് സാർ ഡെഡിക്കേഷൻ ക്ലാസ്സ് കൈകാര്യം ചെയ്തു. ഈ ക്യാമ്പിൽ വന്നതുമൂലം ഞങ്ങൾ മാതാപിതാക്കളെ

അനുസരിക്കാം എന്ന ഒരു തീരുമാനം എടുക്കുകയുണ്ടായി.

ഞങ്ങൾ പ്രതിജ്ഞാ ഫോറം പൂരിപ്പിച്ച ശേഷം ഈ മൂന്നു ദിവസത്തെ ക്ലാസ്സുകളുമായി ബന്ധപ്പെടുത്തി ഒരു ക്വിസ് നടത്തുകയുണ്ടായി. ഇതിന് ശേഷം ഞങ്ങളുടെ തീരുമാനങ്ങളും അഭിപ്രായങ്ങളും പങ്കുവെച്ചു. സമാപന സമയത്ത് സണ്ടേസ്കൂൾ സെക്രട്ടറി സഗുണരാജ് സാർ എല്ലാവർക്കും നന്ദി പറഞ്ഞു. സമാപനത്തിന് ക്യാമ്പ് നടന്ന സ്ഥലത്തെ അച്ചനായിരുന്നു മുഖ്യ അതിഥി. ''കേട്ട് അനുസരിക്കുക'' എന്നതിന് നല്ലൊരു സന്ദേശം നൽകുകയുണ്ടായി. സമ്മാനങ്ങൾ സ്വീകരിച്ച ശേഷം വളരെ നല്ലൊരു അനുഭവത്തോടെ എല്ലാവരും വീട്ടിലേക്ക് മടങ്ങിപോയി.

ഈ വർഷത്തെ ക്യാമ്പിന് റവ. ഐസക് അച്ചനും കുടുംബവും സണ്ടേസ്കൂൾ സെക്രട്ടറിയും കുടുംബവും ഞങ്ങളോടൊപ്പം താമസിച്ചു നേതൃത്വം നൽകി.

ഈ വർഷത്തെ ക്യാമ്പിലൂടെ അനേകം കൂട്ടുകാർ നല്ല തീരുമാനങ്ങൾ എടുക്കുകയുണ്ടായി. അവർക്കെല്ലാം ആ തീരുമാനങ്ങൾ ജീവിതത്തിൽ പ്രായോഗികമാക്കാൻ വലിയവനായ ദൈവം അവരെ സഹായിക്കട്ടെ...

---

*(പേജ് 19ന്റെ തുടർച്ച....)*

ല്ലെന്നും ചരിത്രപുരുഷനാണെന്നുമുള്ള രേഖകൾ നീരാകരിക്കുവാൻ വാലേസ്സിന് കഴിഞ്ഞില്ല. അവസാനം, വാല്ലേസ് എഴുതിവെച്ചു. മനുഷ്യ ചരിത്രത്തിൽ ജീവിച്ചിട്ടുള്ള ഏതൊരാളെക്കാളും യേശുക്രിസ്തുവിന്റെ ചരിത്രം കൂടുതൽ വ്യക്തമാണ്! അതുമാത്രമല്ല, ഈ യേശു സാക്ഷാൽ ദൈവപുത്രനാണെന്നും താൻ വിശ്വസിച്ചു. അങ്ങനെ ലീവാല്ലേസ് എന്ന് നിരീശ്വരവാദി മരിച്ചു. പകരം, യേശുവിനെ രക്ഷകനും കർത്താവുമായി വിശ്വസിച്ചതിലൂടെ അദ്ദേഹം ദൈവകുടുംബത്തിൽ വീണ്ടും ജനിച്ചു!

തന്റെ സത്യാന്വേഷണത്തിന്റെ ഫലമായി ലീ വാല്ലേസ് ഒരു പുസ്തകം എഴുതി. അതിലെ ഉള്ളടക്കം തുടക്കത്തിൽ തനിക്കുണ്ടായിരുന്ന മുൻവിധികൾ അനുസരിച്ചുള്ളതായിരുന്നില്ല. മറിച്ച്, തന്റെ ബോധ്യങ്ങളായിരുന്നു. ചരിത്രത്തിലെ യേശുവിനെക്കുറിച്ചുള്ള തെളിവുകൾ വരച്ചുകാട്ടിയ ബൻഹർ വായിച്ചിട്ടുള്ളവർക്ക് വാല്ലേസിന്റെ ഗവേഷണ ചാതുര്യം വിസ്മരിക്കാവതല്ല.

ദൈവത്തിൽ വിശ്വാസമില്ലാത്ത ഒരു തത്വചിന്തകൻ ഒരിക്കൽ ഒരു ക്രിസ്ത്യാനിയോടു ചോദിച്ചു: ദൈവം എവിടെ? ക്രിസ്ത്യാനി തിരിച്ചു ചോദിച്ചു: ആദ്യം ദൈവം ഇല്ലാത്ത ഒരിടം താങ്കൾ കാട്ടിത്തരൂ, പിന്നെ ഞാൻ ദൈവം എവിടെയുണ്ടെന്നു കാട്ടിത്തരാം. ക്രിസ്തുവില്ലാത്ത ക്രിസ്തുമസ്സ് കൊണ്ടാടുന്ന ഒരു ലോകം ആണിന്ന്. സത്യദൈവത്തിന്റെ വെളിപാട് പ്രാപിച്ചവർ ദൈവഭയമുള്ളവരാകട്ടെ. **സങ്കീർത്തനക്കാരനൊപ്പം നമുക്കും വിറയലോടെ ഏറ്റുപറയാം: യഹോവേ, അവിടുത്തെ ആത്മാവിനെ ഒളിച്ചു ഞാൻ എവിടേക്കു പോകും? തിരുസന്നിധി വിട്ടു ഞാൻ എവിടെക്കു ഓടും? ഞാൻ സ്വർഗ്ഗത്തിൽ കയറിയാൽ അങ്ങ് അവിടെ ഉണ്ട്; പാതാളത്തിൽ എന്റെ കിടക്ക വിരിച്ചാൽ അങ്ങ് അവിടെ ഉണ്ട് (സങ്കീ. 139:78)**

# CIRCLE PRAYERS FOR JUNE 2012

| | | | |
|---|---|---|---|
| 1/6/2012 Friday | T 467 | Mr. Salu J. R | 2nd Floor, Amma Arcade, TC 8/160-44,Thirumala |
| | 2008 | Mr. J Edward John | Lijo Bhavan,TC 26/976, No-29,Officers Nagar, |
| 5/6/2012 | 1813 | Mr. A. Shaji | Priyadarsini Nagar, Kunnappuzha |
| Tuesday | 1430 | Dr. Sam Joseph | Vrindavan Garden , Pattom |
| 8/6/2012 | 1718 | Mr. G. Sivanandan | Sexton Cottage, LMS Compound |
| Friday | 1835 | Mr. C. T. Jacob | Sagara Residents, Choozhampala |
| 12/6/2012 | 1746 | Mr. E. Jaison | Poochedivila, Plamoodu |
| Tuesday | 946 | Mr. K. Hudson | Chengallur, Poojappura |
| 15/6/12 | 839 | Mr. Jabamony | Grace Lane, Plamoodu |
| Friday | 1773 | Mr. Suresh Jose | Tagore Road, Aramada |
| 19/6/12 | 1570 | Mr. P.K. Jose | Amba Nagar, Vanchiyoor |
| Tuesday | 1466 | Dr. Vincent William | Nalanda |
| 22/6/12 | 1740 | Mr. Stalin Manuel | Golf Links, Kowdiyar |
| Friday | 1272 | Adv. John Chandrakumar | Kochar Road, Sastamangalam |
| 26/6/12 | 1175 | Mr. J Jacob | Kulangara lane, Pattom |
| Tuesday | 1852 | Mr. Ebimon S. | Sathya Nagar, Pappanamcode |
| 29/6/12 | 1105 | Mr. Justin Jayakumar | Plamoodu |
| Friday | 1379 | Mr. Nirmal Rajan | Nandavanayam, Palayam |
| 3/7/2012 | 1654 | Mr. Denu Soman | Sastri Nagar |
| Tuesday | 253 | Mrs. Saleena Bai Johnson | Museum Bain's Compound |
| 6/7/2012 | 1658 | Mrs. Suvarna Jane | Keston Road, Nandancode |
| Friday | 1991 | Mrs. Beatrice J. H. Justus | Keraladithyapuram |

*Note: If you have special request for Circle Prayer at your residence, please inform any one of our pastors.*

**9th Death Anniversary**
23-6-2012

*In ever loving memory of my beloved Husband*



## S. DEVARAJAN

(Retired Asst. District Industries Officer)

*called to Eternal Home*
*on 23-6-2003*
*Safe in the Arms of Jesus*

*By Sorrowing wife, Helen Saramma Devaraj (Retired Sub Registrar) & Children*
*T.C. 11/985, Helenda House, Nanthencode*

**10th Death Anniversary**
8-6-2012



*In ever loving memory of*

## S. R.VILASINI

(Retired Office Supt. Higher Education Dept. Secretariat)

*Memory is a golden chain that binds us*
*till we meet again*

*By R. Albert (Husband) & Sorrowing Family*
*Bersheba, Barton hill. Mob: 9446330207*

# MM CHURCH CHILDREN'S CAMP 2012



## CSI MATEER MEMORIAL CHURCH

### Regular Weekly Programme

Morning Worship (Monday to Saturday) 7.00 a.m

| | | |
|---|---|---|
| Sunday | Malayalam Service | 06.00 a.m |
| | Tamil Service | 07.00 a.m |
| | Malayalam Service | 08.00 a.m |
| | English Service | 10.00 a.m |
| | Malayalam Service | 04.15 p.m |
| | Sunday School | 09.30a.m & 03.00 p.m |
| | Women's Fellowship | 10.00 a.m |
| | CEYF | 10.00 a.m |
| | BCL Union | 11.00 a.m |
| | JCEF | 11.00 a.m |
| | Choir Practice | 11.00 a.m |
| | Teens Bible Hour | 03.00 p.m |
| | Contemporary Worship (First Sunday) | 06.15 p.m |
| Monday | Bible Class | 05.30 p.m |
| | Vestry Prayer | 06.30 p.m |
| Tuesday | Circle Prayer (3 houses) | 06.30 p.m |
| | Vestry Prayer | 07.00 p.m |
| Wednesday | Gospel Band House Visit | 03.30 p.m |
| | Women's Fellowship | 04.30 p.m |
| Thursday | Senior Citizens' Fellowship | 04.30 p.m |
| | Worship & Witnessing Service | 06.15 p.m |
| Friday | Circle Prayer (3 houses) | 06.30 p.m |
| Saturday | Choir Practice | 05.00 p.m |
| | Preparation Service (First Saturday) | 07.00 p.m |

### Members of the Church Committee

| Name | Phone No. | Mobile |
|---|---|---|
| Rev. C.R. Vincent (President) | 2316544 | 9446850066 |
| Rev. Dr. L.E. Sahanam (Presbyter) | 2724658 | 9400370085 |
| Rev. E. Sunin Spenzer | 2316844 | 8547811284 |
| Dr. Samson Nessiah (Secretary) | 2334036 | 9447126931 |
| Mr. T. Jayakumar Alfred (Accountant) | 2534781 | 9895110652 |
| Dr. S.G. Churchin Ben | 2315655 | 9447177666 |
| Mr. Y. Christudas | 2318213 | 9895114633 |
| Mr. Christenson E. Sarasam | 2327722 | 9995100420 |
| Mr. Victor E. Joseph | 2316749 | 9446556749 |
| Er. M. Sam Moses | 2311754 | 9447011754 |
| Dr. Mrs. Sindhuja Suresh | 2533672 | 9747225493 |
| Er. Joshi Das Y.S. | 2315106 | 9446052121 |
| Mrs. Charlet Bai Robert Singh | 2436338 | 9495551064 |
| Mrs. Grisilda Wills | 2313467 | 9995236650 |
| Mr. K. Hudson | 2355229 | 9446589715 |
| **Church Office** | **2311347** | |
| Mr. G. Sivanandan (Sexton) | | 9446616080 |
| Mr. G. Wilson (Parish Asst.) | | 9447525339 |
| Mr. T. Rajeev (Peon Cum Gardener) | | 9895801012 |